**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6638** **11-11-2021 - ൽ മറുപടിയ്ക്ക്**

**കലാലയങ്ങളിൽ സമാധാനാന്തരീക്ഷം നിലനിർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | **Dr. R. Bindu**<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് വ്യാപനം മൂലം അടഞ്ഞു കിടന്ന കലാലയങ്ങൾ തുറക്കുന്ന അവസരത്തിൽ എം.ജി. സർവകലാശാലയിൽ രണ്ട് പ്രമുഖ വിദ്യാർത്ഥി യൂണിയനുകളിൽപ്പെട്ട വിദ്യാർത്ഥികൾ തമ്മിലുണ്ടായ സംഘട്ടനം പോലെയുള്ള സംഭവങ്ങൾ വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും ആശങ്ക സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല; സർവകലാശാലയിലെ സെനറ്റ് തെരഞ്ഞെടുപ്പ് ദിവസം സർവകലാശാലാ ക്യാമ്പസിൽ വിദ്യാർത്ഥികൾ തമ്മിൽ സംഘട്ടനത്തിൽ ഏർപ്പെടുകയും സ്ഥലത്തുണ്ടായിരുന്ന പോലീസ് സംഘർഷം വ്യാപിക്കുന്നത് ഒഴിവാക്കുകയും ചെയ്തു. സെനറ്റ് തെരഞ്ഞെടുപ്പ് സമാധാനപരമായി പൂർത്തീകരിക്കുകയും ചെയ്തു. ഇത് കലാലയങ്ങളിലെ അന്തരീക്ഷത്തെ ബാധിച്ചിട്ടില്ലാത്തതിനാൽ വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും ആശങ്ക സൃഷ്ടിച്ചിട്ടില്ല. |
| (ബി) | ഇത്തരം സംഭവങ്ങൾ തടയുന്നതിനും കലാലയങ്ങളിലെ സമാധാനാന്തരീക്ഷം നിലനിർത്തുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | കോളേജുകളിലെ സമാധാന അന്തരീക്ഷം നിലനിർത്തുന്നതിനും അച്ചടക്കം പരിപാലിക്കുന്നതിനും വിവിധ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു. അവയിൽ പ്രധാനപ്പെട്ടവ ഡിസിപ്ലിൻ കമ്മിറ്റിയും ആന്റി റാഗിംഗ് കമ്മിറ്റിയും ആണ്. ഇത്തരം കമ്മിറ്റികളിലെ അധ്യാപകരുടെ ടീം വർക്കും ജാഗ്രതയും കലാലയങ്ങളിലെ സംഘട്ടനങ്ങളും മറ്റു അനിഷ്ട സംഭവങ്ങളും ഒരു പരിധി വരെ ഒഴിവാക്കാൻ സഹായിക്കുന്നുണ്ട്. കോവിഡ് വ്യാപനത്തിന് ശേഷം കോളേജുകൾ തുറന്ന് റെഗുലർ ക്ലാസുകൾ ആരംഭിച്ചിട്ടുള്ളതിനാൽ ഇത്തരം കമ്മിറ്റികളും സജീവമായി പ്രവർത്തിച്ചു വരുന്നു. അനിഷ്ട സംഭവങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ